# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3659 17/12/2015-ൽ മറുപടിയ്ക്ക്**

**<u>തീരദേശ ഗ്രാമങ്ങളിലെ കൂട് മത്സ്യകൃഷി പദ്ധതി</u>**

**ചോദ്യം**

**ശ്രീ. കെ.എൻ.എ. ഖാദർ**

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

**എ) സംസ്ഥാനത്തെ തീരദേശ ഗ്രാമങ്ങളിൽ കൂട് മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ ഇതാരംഭിച്ചിട്ടുണ്ട്;**

എ) ഉണ്ട്. അഡാക്ക് മുഖാന്തിരം 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ, ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, ഹരിപ്പാട്, വൈക്കം, കോട്ടയം എന്നീ നിയോജകമണ്ഡലങ്ങളിൽ കൂട് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു.കരുനാഗപ്പള്ളി നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന അഡാക്കിന്റെ ആയിരംതെങ്ങ് ഫിഷ് ഫാമിനോട് അടുത്തുള്ള തുറസ്സായ ജലാശയങ്ങളിൽ 2014-15 ൽ നൂതന ജലകൃഷി പദ്ധതിയുടെ ഭാഗമായി സമുദ്ര മത്സ്യങ്ങളുടെ കൂടുകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യസമൃദ്ധി പദ്ധതി മുഖേന കൂട് മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനത്തെ തീരദേശ നിയോജക മണ്ഡലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലയുടെ പേര് | നിയോജക മണ്ഡലങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | ചിറയിൻകീഴ്, വർക്കല |
| 2 | കൊല്ലം | കരുനാഗപ്പള്ളി, ചവറ, കുന്നത്തൂർ, കുണ്ടറ, കൊല്ലം, ഇരവിപുരം, ചാത്തന്നൂർ |
| 3 | ആലപ്പുഴ | അരൂർ, ചേർത്തല, ഹരിപ്പാട്, കുട്ടനാട് |
| 4 | എറണാകുളം | പറവൂർ, കൊച്ചി, തൃപ്പൂണിത്തുറ |
| 5 | തൃശ്ശൂർ | മണലൂർ |
| 6 | മലപ്പുറം | പൊന്നാനി, തവന്നൂർ, താനൂർ, ഏറനാട്, തിരൂരങ്ങാടി |
| 7 | കോഴിക്കോട് | എലത്തൂർ, കൊയിലാണ്ടി, ബേപ്പൂർ, നാദാപുരം, ബാലുശ്ശേരി |
| 8 | കണ്ണൂർ | പയ്യന്നൂർ, ധർമ്മടം, കല്ല്യാശ്ശേരി -8 യൂണിറ്റിന് ആകെ 2 ലക്ഷം രൂപ നൽകിയിട്ടുണ്ട് |

**ബി) പ്രസ്തുത പദ്ധതി ഏത് രീതിയിലാണ് സർക്കാർ നടപ്പിലാക്കുന്നത്; ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്ങനെയാണ്; എത്ര രൂപയുടെ സഹായമാണ് ഓരോ ഗുണഭോക്താക്കൾക്കും പരമാവധി നൽകാൻ ഉദ്ദേശിക്കുന്നത്;**

ബി) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതി പ്രകാരം കൂട് മത്സ്യകൃഷിയ്ക്കുവേണ്ടി നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്വീകരിച്ച് പഞ്ചായത്ത് തലത്തിൽ നിയമിച്ചിട്ടുള്ള അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർവഴി ഏരിയ സർവ്വേ നടത്തുന്നു.

അതിനു ശേഷം പഞ്ചായത്തുതല അംഗീകാരവും ജില്ലാതല അംഗീകാരവും ലഭ്യമാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് (മൂന്ന് ഗുണഭോക്താക്കളടങ്ങുന്ന യൂണിറ്റുകൾ) യൂണിറ്റൊന്നിന് 40000 രൂപ പരമാവധി സബ്സിഡി (മത്സ്യവിത്ത്, മത്സ്യത്തീറ്റ, കൂടു നിർമ്മാണം എന്നീ ഇനങ്ങൾ ഉൾപ്പെടുന്ന) നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.അഡാക്ക് മുഖേന കൂടുകൃഷിയ്ക്ക്വേണ്ടി പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകി മത്സ്യത്തൊഴിലാളി എസ്,എച്ച്.ജി/ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്ക് മുൻഗണന നൽകി അപേക്ഷ ക്ഷണിക്കുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് വിവിധ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നത്. 20 കൂടുകളിൽ മത്സ്യ കൃഷി നടത്തുന്ന ഒരു ഗ്രൂപ്പിന് ലഭിക്കുന്ന പരമാവധി സബ്സിഡി തുക 5,72,000/- രൂപയാണ്.

| | |
|---|---|
| സി ) **തീരദേശ നിയോജക മണ്ഡലമായ വള്ളിക്കുന്നിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏത് രീതിയിലുള്ള ശിപാർശയാണ് സർക്കാരിന് ലഭിയ്ക്കേണ്ടത്; പ്രസ്തുത നിയോജക മണ്ഡലത്തിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?** | സി ) താനൂർ നിയോജക മണ്ഡലത്തിലെ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി 2015-16 കാലയളവിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ കൂടുകൃഷിയ്ക്ക് ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിയോജക മണ്ഡലത്തിൽ ടി പദ്ധതിയ്ക്കായുള്ള അപേക്ഷ മലപ്പുറം, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നൽകാവുന്നതാണ്. |

**സെക്ഷൻ ആഫീസർ**